4/11/10

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്

നം: 62091/ഇഎം1/10/തസ്വഭവ തിരുവനന്തപുരം, തീയതി: 03/11/2010.

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ - കാലാവധി പൂർത്തിയാകാത്ത പഞ്ചായത്തുകളിലെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ - തീയതി നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 08-10-2010 -ലെ 62091/ഇഎം1/10/തസ്വഭവ നമ്പർ സർക്കുലർ.
2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 02/11/10 ലെ 7598/ബി/10/സം.തി.ക നമ്പർ കത്ത്.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2010 -ലെ പൊതുതെരഞ്ഞെടുപ്പിനുശേഷം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച്, 1994 -ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും, 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും അത് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ അടിസ്ഥാനമാക്കി സൂചന (1) പ്രകാരം സർക്കാർ വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതുപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ 2010 നവംബർ 1-ാം തീയതി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഭരണ സമിതികളുടെ കാലാവധി 2010 നവംബർ 1-ന് പൂർത്തിയായിട്ടില്ലാത്ത പഞ്ചായത്തുകളുടെ സംഗതിയിൽ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ 01-11-2010 -ൽ നടന്നിട്ടില്ലായെന്നും പ്രസ്തുത പഞ്ചായത്തുകളുടെ കാര്യത്തിൽ ഭരണ സമിതികളുടെ കാലാവധി പൂർത്തീകരിക്കുന്ന മുറക്ക് അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി നിശ്ചയിക്കണമെന്നും സൂചന (2) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി, സർക്കാരിനോടാവശ്യപ്പെട്ടു.

2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം, 01-11-2010 -ൽ ഭരണ സമിതികളുടെ കാലാവധി പൂർത്തിയാകാത്ത, മലപ്പുറം ജില്ലയിലെ അഞ്ച് (5) ഗ്രാമ പഞ്ചായത്തുകളുടെ സംഗതിയിൽ, 2010 -ലെ പൊതു തിരഞ്ഞെടുപ്പിൽ, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ/ദൃഢപ്രതിജ്ഞ, അവയിലെ നിലവിലെ ഭരണ സമിതികളുടെ കാലാവധി പൂർത്തിയാകുന്ന മുറക്ക് താഴെപ്പറയുന്ന തീയതികളിൽ നടത്തേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യ പ്രതിജ്ഞ/ ദൃഢപ്രതിജ്ഞ ചെയ്യുന്നതിനുള്ള തീയതി |
|---|---|---|
| 1 | പുഴക്കാട്ടിരി | 06/11/2010 |
| 2 | മങ്കട | |
| 3 | നന്നംമുക്ക് | 16/11/2010 |
| 4 | പുലമാന്തോൾ | 19/11/2010 |
| 5 | എടപ്പാൾ | |

3) 01-11-2010 -ൽ ഭരണസമിതികളുടെ കാലാവധി പൂർത്തിയാകാത്ത, മേൽ ഗ്രാമ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട, അംഗങ്ങളുടെ സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ, ഇതിലേക്കായി മേൽപ്പറഞ്ഞ പ്രകാരം നിശ്ചയിച്ചിട്ടുള്ള തീയതിയിൽ രാവിലെ 10.00 മണിക്ക് നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിനെത്തുടർന്ന് സ്വീകരിക്കേണ്ട മറ്റ് നടപടികൾ സൂചന(1) -ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിർവ്വഹിക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു.

ജി. അൽഫോൻസ,
അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ